# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5867 | 19.11.2019- ൽ മറുപടിക്ക്

### ത്വരിത വ്യാവസായിക വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. പി.ടി. തോമസ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിലില്ലായ്മക്ക് അറുതി വരുത്തുവാൻ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുക എന്നത് മുഖ്യ വിഷയമായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | എ<br>&<br>ബി | യുവജനങ്ങളെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളാക്കാൻ അവരിലെ സംരംഭകത്വം വികസിപ്പിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ ഏഴു നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്" സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിലേക്കായി K-SWIFT എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.<br><br>പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെഡ് കാറ്റഗറിയിൽ വരുന്ന വ്യവസായങ്ങൾ ഒഴികെയുള്ള വ്യവസായങ്ങൾ ആരംഭിച്ച് 3 വർഷത്തിനകം ലൈസൻസുകൾ നേടിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്യുന്ന '2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.<br><br>യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ,കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. |
| ബി | എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ പ്ലോട്ടുകൾ എന്നിവയിൽ പരമാവധി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ യൂണിറ്റുകൾക്ക് അനുവദിക്കുന്നതിലേക്കായി ബഹു.നില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ പ്രദേശത്തുള്ള സ്കിൽഡ്, അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തുള്ള ഏത് തരത്തിലുള്ള ജോലികളും നിർവ്വഹിച്ച് നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ എന്ന ഒരു പുതിയ പദ്ധതിയ്ക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| സി | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സി പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും, അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലാഭസാധ്യതയും വിപണന സാധ്യതയും ഉള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർമാരുടേയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തിവരുന്നു. |
| ഡി | ഇതിന്റെ ഭാഗമായിട്ടാണോ പൊതുമേഖല സ്ഥാപനങ്ങളിലെ ചെയർമാന്മാരുടെ പ്രായപരിധി 75 വയസ്സായി നിജപ്പെടുത്തിയിരുന്ന മുൻ സർക്കാരിന്റെ ഉത്തരവിൽ ഭേദഗതി വരുത്തി പുതിയ ഉത്തരവ് 4.11.2019 ന് ഇറക്കിയത്; | ഡി & ഇ | ചെയർമാന്മാരുടെ ഉയർന്ന പ്രായം 75 വയസ്സായി നിജപ്പെടുത്തിയതുകാരണം പ്രസ്തുത സ്ഥാനത്തേയ്ക്ക് പരിഗണിക്കാൻ അർഹതയുള്ള, പ്രാവീണ്യമുള്ള പലരേയും ഒഴിവാക്കേണ്ട സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടാതെ 2013-ലെ കമ്പനീസ് ആക്റ്റിൽ ചെയർമാന്മാരുടെ ഉയർന്ന പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ചെയർമാന്മാരുടെ ഉയർന്ന പ്രായപരിധി പ്രതിപാദിക്കുന്ന 11.05.2015 ലെ സ.ഉ.(എം.എസ്)നമ്പർ 19/2015/പ്ലാനിംഗ് ഉത്തരവ് റദ്ദ് ചെയ്ത് മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി മാത്രം 65 വയസ്സായി നിജപ്പെടുത്തി 04.11.2019 ലെ സ.ഉ.(എം.എസ്)27/2019/പ്ലാനിംഗ് നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| ഇ | ചെയർമാന്മാരുടെ ഉയർന്ന പ്രായം 75 വയസ്സായി നിജപ്പെടുത്തിയതു കാരണം പ്രസ്തുത സ്ഥാനത്തേക്ക് പരിഗണിക്കുവാൻ അർഹതയുള്ള, പ്രാവീണ്യമുള്ള പലരെയും ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;ഉണ്ടെങ്കിൽ ആരെയൊക്കെയാണ് ഇപ്രകാരം ഒഴിവാക്കിയത് എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ